# എം.ജി.എൽ.പി. സ്കൂൾ
# എം.പുതൂർ



അക്കാദമിക് മാസ്റ്റർ പ്ലാൻ
2025-2026

# ആമുഖം

2009 ആഗസ്റ്റ് 4 നാണ് 6 മുതൽ 14 വയസുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നത്. ഇതിലൂടെ ജാതിമതലിംഗ വ്യത്യാസം കൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാം.

ശാരീരികവും മാനസികവുമായ ശിക്ഷകൾ, പണം വാങ്ങിയോ അഭിമുഖം നടത്തിയോ ഉള്ള പ്രവേശനം, സ്വകാര്യ ട്യൂഷൻ അംഗീകാരമില്ലാത്ത സ്കൂളുകൾ എന്നിവ ഈ നിയമം അനുവദനീയമല്ല. കുട്ടിയുടെ ശരീരികവും മാനസികാവുമായ സമ്പൂർണ വളർച്ചയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ ഭരണഘടന ബാധ്യതയായി മാറിയിരിക്കുന്നു. ഓരോ ക്ലാസ്സിനും വിവിധ വിഷയങ്ങളിലെ ഉള്ളടക്കം ദേശീയതലത്തിൽ ഉള്ളടക്കത്തോടെ ഏകീകരിച്ച് കേരളത്തിന്റെതായ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം അനുയോജ്യമായ വിലയിരുത്തൽ പ്രവർത്തനവും രൂപപ്പെടുത്തി നടപ്പിലാക്കുന്നു.പഠിതാവിന്റെ താല്പര്യവും വികസനവും പരിഗണിച്ച് വിദ്യാർത്ഥികൾക്ക് വിവിധ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്ന വിധത്തിലാകണം ക്ലാസ് മുറികൾ. ചിത്രകല, കരകൗശലം, ആരോഗ്യ കായിക വിദ്യാഭ്യാസം എന്നിവയ്ക്കാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പ്രാധാന്യം നൽകുന്നത്.

വിവര വിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗം പഠനം അനായാസവും ആസ്വാദ്യകരവുമാക്കുന്നു. കൂടാതെ പ്രകൃതിയും പ്രകൃതി വിഭവസംരക്ഷണവും പരിസര ശുചിത്വവും ലഹരി വിരുദ്ധ മനോഭാവവും ലിംഗസമത്വവും ഊന്നിപ്പറയുന്നു. ഒരു കുട്ടിയുടെ സമഗ്രമായ വളർച്ചയും വികസനവും അവരുടെ എല്ലാ
കഴിവുകളും പരിപോഷിപ്പിച്ച് കൊണ്ടാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം വിഭാവനം ചെയ്യുന്നത്.

.

## വിദ്യാലയ ചരിത്രത്തിലൂടെ...

മുതലമട കിഴക്ക് പ്രദേശത്ത് തെന്മലയുടെ മടിത്തട്ടിൽ മനോഹാരിതയോടെ വിലസുന്ന ഗ്രാമീണനാടായ മൂവുലക പുതൂരിലെ സരസ്വതി സ്ഥാപനമാണ് മഹാ ഗണപതി ലോവർ പ്രൈമറി സ്കൂൾ. 1955സെപ്റ്റംബർ 18 ാം തിയ്യതിയാണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്.ലോകമെമ്പാടും അവധിദിനമായി പരിഗണിക്കാറുള്ള ഞായറാഴ്ച പ്രവർത്തനം നടത്തിയതിന് അധ്യാപകർക്ക് ശമ്പളം കൈപ്പറ്റാൻ കഴിഞ്ഞതും ഈ വിദ്യാലയത്തിലുണ്ടായ പ്രത്യേകാനുഭവമാണ്.

രണ്ടു ഡിവിഷനുകളുള്ള ഒന്നാംതരം മുതൽ അഞ്ചാംതരം വരെ ആറു ക്ലാസ്സുകളിലായി 148 വിദ്യാർത്ഥികളും, 6 അധ്യാപകരും തുടക്കത്തിൽ ഈ വിദ്യാലയത്തിലുണ്ടായിരുന്നു. കൊല്ലങ്കോട് മഠത്തിൽ ശ്രീ നാരായണൻ കുട്ടിമേനോന്റെ പേരിലായിരുന്നു ആദ്യത്തെ മാനേജ്മെന്റ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ സംസ്ഥാന് പുനർനിർണയതിനു മുമ്പ്, പഴയ മദിരാശി സംസ്ഥാനത്തിലെ സൗത്ത് മലബാർ ജില്ലയും അതിന്റെ ആസ്ഥാനമായ കോഴിക്കോടുമായിരുന്നു ഈ വിദ്യാലയത്തിന്റെ നിയന്ത്രണമേഖല.

മുറ്റത്തു മുളങ്കാലുകൾ നാട്ടി, മുകളിൽ ഓലമേഞ്ഞ്, ചുറ്റും ഓലകൊണ്ട് മറച്ച് പച്ചപ്പിന്റെ തണുവോടെ ആരംഭിച്ച ഈ വിദ്യാലയം 1969ൽ ശ്രീ കേശവൻ നായർ മാനേജ്മെന്റ് ഏറ്റെടുത്തശേഷമാണ് പടിഞ്ഞാറുഭാഗത്തെ 6 ക്ലാസ്സുകളടങ്ങിയ മെയിൻഹാൾ പണിതതും അതിനോട് ചേർന്ന് രണ്ടു റൂമുകൾ പണിതതും.

അതിനുശേഷം 1991ൽ ശ്രീ.ടി.ഒ. ഭാസ്കർ മാനേജർ സ്ഥാനം ഏറ്റെടുത്ത ശേഷം വലിയ മാറ്റങ്ങളാണ് വിദ്യാലത്തിന് സംഭവിച്ചിട്ടുള്ളത്. ഇരുപത്തഞ്ചോളം ക്ലാസ് മുറികളും ബഹുനില കോൺക്രീറ്റ് കെട്ടിടവും, വിശാലമായ സ്റ്റേജും കളിസ്ഥലവും, ടൈൽസ് ഇട്ട ക്ലാസ് മുറികളും ഓഫിസ് റൂമും നിർമ്മിച്ചുകൊണ്ട് ഭൗതികസാഹചര്യങ്ങൾ മികവുറ്റതാക്കി. എല്ലാ ക്ലാസ്സിലും ലൈറ്റും ഫാനും എല്ലാ കുട്ടികൾക്കും ബെഞ്ചും ഡസ്ക്കും സജ്ജമാക്കിയിട്ടുണ്ട്.

ഇപ്പോൾ 1 മുതൽ 4 വരെ 2ഇംഗ്ലീഷ്,മലയാളം,തമിഴ് എന്നിങ്ങനെ 4 ഡിവിഷനുകൾ വീതം ആകെ 16 ക്ലാസ്സുകളിലായി 320 വിദ്യാർത്ഥികളും 100 പ്രീപ്രൈമറി ക്ലാസ്സുകളിലും പഠിക്കുന്നുണ്ട്. കുട്ടികളുടെ യാത്ര സുഗമമാക്കുന്നതിന് 3 സ്ക്കൂൾ ബസുകളാണുള്ളത്. ചെമ്മണാംപതി, ചപ്പക്കാട്, മീനാക്ഷിപുരം എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകുന്നതിനായി ആവശ്യത്തിന് കമ്പ്യൂട്ടറുകൾ, ഭംഗിയായി സജ്ജീകരിച്ചിട്ടുള്ള ലൈബ്രറി, വിശാലമായ കളിസ്ഥലം, വിശ്രമമുറികൾ അധ്യാപകരുടെയും മാനേജരുടെയും പിടിഎയുടെയും കൂട്ടായ സഹകരണത്തോടെ വിദ്യാലയം നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

## അടിസ്ഥാന സൗകര്യങ്ങൾ......

ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിലായി ഏകദേശം 320 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.
20ൽ പരം ലാപ്ടോപ്പുകളടങ്ങിയ കമ്പ്യൂട്ടർ ലാബ് 4 പ്രൊജക്ടറുകൾ മൈക്ക് സ്പീക്കർ സെറ്റ് എന്നിവയുണ്ട്.
വെള്ളത്തിനായി കിണറും പമ്പ് സെറ്റ് സ്ഥാപിച്ച് 15 ടാപ്പുകൾ വഴി കുട്ടികൾക്ക് വെള്ളം എത്തിക്കുന്നുണ്ട്.
ഗ്രൗണ്ടിന്റെ നടുവിലായി മരങ്ങൾ വെച്ച്
പിടിപ്പിച്ച് പ്രകൃതി സംരക്ഷണത്തിൽ പങ്കാളികളായി
ആധുനികമായി സജ്ജീകരിച്ച അടുക്കളയിൽ ഗ്യാസ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും ജല ലഭ്യതയും ഉറപ്പുവരുത്തിട്ടുണ്ട്.
ജൈവ വൈവിധ്യ ഉദ്യാനം.
മഴവെള്ള സംഭരണം.
വായനശാല.
പൂന്തോട്ടം.

## വിദ്യാലയത്തിൽ ഏറ്റെടുത്ത് നടത്തുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ...

* വിവിധ വിഷയങ്ങളിൽ അവബോധ ക്ലാസുകൾ.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ബ്രിഡ്ജ് കോഴ്സ്.
* ഭാഷയിലും ഗണിതത്തിലും അടിസ്ഥാനപരമായ കഴിവുകൾ എല്ലാവർക്കും നേടിയെടുക്കാൻ കഴിയുക.
* കലാ കായിക പ്രവർത്തി പരിചയ മേഖലകളിൽ കൂടുതൽ പങ്കാളിത്തം.
* ശുചിത്വവും പ്ലാസ്റ്റിക് രഹിതവുമായ ഗ്രാമം.
* ലഹരി വിരുദ്ധ മനോഭാവം ലഹരി വിമുക്ത ഗ്രാമം.
* മികച്ച സാമൂഹിക പങ്കാളിത്തം.
* മികച്ച സ്മാർട്ട് ക്ലാസുകൾ.
* മികച്ച ഇംഗ്ലീഷ് പരിശീലനം.
* ജൈവ കൃഷി.
* ക്വിസ് മത്സരങ്ങളും പത്ര നിർമ്മാണവും (പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ).
* ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് കമ്പോസ്റ്റ് നിർമ്മാണം.
* ചിത്രകലയ്ക്കും കായിക വിദ്യാഭ്യാസത്തിനും പ്രാധാന്യം

എല്ലാ കുട്ടികൾക്കും ഭാഷയിലും ഗണിതത്തിലും അടിസ്ഥാനപരമായ കഴിവുകൾ നേടിയെടുക്കാനുള്ള പരിശ്രമങ്ങൾ നടത്തുന്നു.
കലാ കായിക പ്രവർത്തി പരിചയ മേളകളിൽ പങ്കെടുക്കുന്നു.
സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രമിക്കുന്നു.
ആരോഗ്യകരവും , ലഹരി വിമുക്തവുമായ ഗ്രാമത്തിനായി പ്രവർത്തിക്കുന്നു.
വാർഷികാഘോഷങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ മികച്ചതും ശ്രദ്ധേയവുമാക്കുന്നു.
രക്ഷിതാക്കളുടെയും നാട്ടുകാരുടെയും പിന്തുണയാണ് വിദ്യാലയത്തിന്റെ ശക്തി. ആ ശക്തിയെ ഒന്നുകൂടി ഉൽപ്പെടുത്തി വിദ്യാലയ വികസനത്തിനായി നമുക്കൊന്നിച്ച് മുന്നോട്ടു പോകാം.
നമ്മുടെ വിദ്യാലയം എൽ.എസ്.എസ് ഉൾപ്പെടെയുള്ള മേഖലകളിൽ വിജയം കൈവരിച്ചിട്ടുണ്ട്.
വൈദ്യശാസ്ത്രം, വാണിജ്യം, വ്യവസായ മേഖലകൾ, സൈ നികം, കല, കായികം ഉൾപ്പെടെയുള്ള സമൂഹത്തിന്റെ എല്ലാ മേഖലകളിലും നമ്മുടെ പൂർവ്വവിദ്യാർത്ഥികൾ എത്തിയിട്ടുണ്ട്.

# എം.ജി.എൽ.പി.സ്കൂൾ എം. വുളർ

## *സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി*

## *അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ 2025-26*

ലക്ഷ്യം: ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം]

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ | ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ . | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ്സ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ **(**ഇംഗ്ലീഷ് ഭാഷാ പഠനം**)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ **(**അറബി ഭാഷാ പഠനം**)**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |